പിന്നോക്കസമുദായങ്ങളെ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചതിൽ പെരുങ്കൊല്ലസമുദായം മൂന്നാം ലിസ്റ്റിലാണു് ഉൾപ്പെട്ടിട്ടുള്ളതു്. ആ ലിസ്റ്റിൽപെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു് നിർദ്ധനസർട്ടിഫിക്കറിനെ ആസ്പദമാക്കി മുഴുവൻ ഫീസ് സൗജന്യം നൽകിവരുന്നുണ്ടു്.

(ബി) ഉണ്ടു്.

(സി) പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

തുൽ വിതരണം

*വ ൫൨. (൭ ൫) ശ്രീ. എസ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി ഓരോ എത്ര വീതം തുൽവീതം പ്രതിമാസം വിതരണംചെയ്യുന്നുണ്ടെന്നു കണക്കുണ്ടോ;

(ബി) അതിൽ എത്ര വീതം തുൽ സംസ്ഥാനത്തിനു പുറത്തുനിന്നും വരുത്തുന്നുണ്ടു്;

(സി) എത്ര വീതം തുൽവീതം സംസ്ഥാനത്തിനകത്തുള്ള മില്ലിൽ നിന്നും ഉൽപാദിപ്പിക്കുന്നു;

(ഡി) മുകളിൽ ബി-യിലും സി-യിലും ഉദ്ധരിക്കുന്ന കണക്കുകൾ പൊതുജനങ്ങളുടെ അറിവിനായി അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്താമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) പ്രതിമാസം ൫ ൦ ൦ വീതം മുതൽ ൬ ൦ ൦ വീതംവരെ കിട്ടിവരുന്നു.

(സി) പ്രതിമാസം ൪ ൦ ൦ വീതം മുതൽ ൪ ൫ ൦ വീതംവരെ കിട്ടുന്നുണ്ടു്.

(ഡി) പ്രസിദ്ധപ്പെടുത്താവുന്നതാണു്.

തുൽ വിതരണം

*വ ൫൩. (൭൩) ശ്രീ. എസ്. കുട്ടൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സ്വയം മറുപടി പറയുമോ.—

സംസ്ഥാനത്തിനകത്തു ഏതെങ്കിലും ഡിസ്ട്രിക്ടിൽ തുൽ ഉല്പാദകരെത്തന്നെ വിതരണത്തിനും ചുമതലപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവനന്തപുരത്തുള്ള വിജയമോഹിനിമില്ലിൽ ഉല്പാദിപ്പിക്കുന്ന ൨ ൦-ാംനമ്പർ തുൽ അവർതന്നെ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൧൯ ൫ ൦ അവസാനംവരെ വിതരണംചെയ്യുന്നതിനു് അനുവദിച്ചിട്ടുണ്ടു്.

തുൽ

*വ ൫൪. (൭൭) ശ്രീ. എസ്. കുട്ടൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഇപ്പോൾ ഒരു തറിഉടമസ്ഥനു എത്ര കഴിനൂൽ വീതമാണു് ഒരു മാസം കൊടുക്കുന്നതു് എന്നു ഗവൺമെണ്ടിനു അറിയാമോ; അതുകൊണ്ടു് തറിഉടമസ്ഥനു് തൊഴിൽ നടത്തുവാൻ സാധ്യമല്ലെന്നു ഗവൺമെണ്ടിനു് അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അറിയാം. ഈ ഒക്ടോബർ മാസം മുതൽ ഒരു തറിക്ക് ഒരു മാസം പത്തുകഴി നൂൽവീതം കൊടുക്കുന്നു. അതുകൂടി കൊണ്ട് തറി ഉടമസ്ഥന് മുടങ്ങാതെ തൊഴിൽ നടത്തുവാൻ പ്രയാസമാണെന്നും അറിയാം.

ഇരുമ്പും ഉരുക്കും

*വ ൪൪. (൭൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ —

(എ) ൧൯൫൪ ആഗസ്റ്റ് മാസത്തിൽ എത്ര ടൺ ഇരുമ്പും ഉരുക്കും എറണാകുളം മേത്തർ സ്റ്റോർസിനു നൽകിയിട്ടുണ്ട്;

(ബി) തിരുവിതാംകൂറിലെ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ആഗസ്റ്റ് മാസത്തിൽ ഇരുമ്പും ഉരുക്കും നൽകിയിട്ടുള്ളതിൽ ഏറ്റവും കൂടുതൽ എത്ര; ആർക്ക്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഒന്നും നൽകിയിട്ടില്ല.

(സി) മുന്നേകാൽ ടൺ. നാഗർകോവിൽ സ്കൂൾ ഓഫ് കൃഷ്ണൻ കോളേജിന്റെ ഡിഗ്രി കോളേജ് ബിൽഡിങ്ങ് കമ്മിറ്റി കൺവീനർ ശ്രീ. നേശമണിക്കാണ്.

തുറമുഖത്തൊഴിലാളികൾ

*വ ൪൫. (വ ൦) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ തുറമുഖത്തൊഴിലാളികൾ മൺസൂൺ വേതനം കിട്ടണമെന്നു കാണിച്ചു ഷിപ്പിംകമ്പനിക്കും കൺട്രാക്ടർക്കും സമർപ്പിച്ച മെമ്മോറിയലിനെ തുടർന്നുണ്ടായിട്ടുള്ള തർക്കം തീരുമാനിക്കുന്നതിനു ലേബർ അസിസ്റ്റൻറ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ട് എത്ര കാലമായി;

(ബി) എന്തുകൊണ്ട് ആ കാര്യത്തിനു ഇതുവരെ ഒരു തീരുമാനമുണ്ടായില്ല?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) മൺസൂൺകാലത്തു് ആലപ്പുഴ തുറമുഖത്തൊഴിലാളികൾക്കു് വേല ഇല്ലാത്തതിനാൽ അതിനു പരിഹാരമായി വേതനം കിട്ടണമെന്നു കാണിച്ചു് ആലപ്പുഴ പോർട്ട് വർക്കേഴ്സ് യൂണിയൻ ൧൯൫൪ ജൂൺ ൪൹ ൽ ഒരു പ്രമേയം പാസാക്കി അയയ്ക്കുകയും അതിനെപ്പറ്റി പോർട്ട് തൊഴിലാളികളുടേയും സ്റ്റീവ് ഡോറിംഗ് കൺട്രാക്ടർമാരുടേയും പ്രതിനിധികൾ അടങ്ങിയ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയിൽ ആലപ്പുഴ അസിസ്റ്റൻറ് ലേബർ കമ്മീഷണരുടെ മദ്ധ്യസ്ഥതയിൽ ൧൯൫൪ ജൂൺ ൨൰ൽ പ്രാരംഭചർച്ച നടത്തുകയും ഉണ്ടായി. ഈ അവകാശവാദം കൺട്രാക്ടർമാരുടെ പ്രതിനിധികൾ സമ്മതിക്കുകയുണ്ടായില്ല. അതിനുശേഷം തൊഴിലാളി യൂണിയൻ ഈ പ്രശ്നം ഉന്നയിച്ചിട്ടില്ല.

(ബി) മുകളിൽ നൽകിയിരിക്കുന്ന ഉത്തരം നിമിത്തം ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly